പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: *5215* 30.06.2014-ൽ മറുപടിക്ക്

## സ്പെയർപാർട്സ് വാങ്ങിയതിലെ അഴിമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്പെയർപാർട്സുകൾ വാങ്ങിയവകയിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ വൻ അഴിമതികൾ നടന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കോടിക്കണക്കിനു രൂപയുടെ അഴിമതി കണ്ടെത്തിയ സാഹചര്യത്തിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു; | | |
| (സി) | കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാനും ഇത്തരം അഴിമതികൾ ഭാവിയിൽ ഉണ്ടാകാതിരിക്കാനും എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (സി) | ഡിപ്പോകളിൽ ലോക്കൽ പർച്ചേയ്സ് വഴി അത്യാവശ്യ സ്പെയർ പാർട്സുകൾ വാങ്ങുന്നതിന് പ്രതിമാസം ബസൊന്നിന് 500/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. ലോക്കൽ പർച്ചേയ്സ് നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ടു മാത്രം പർച്ചേയ്സ് നടത്താവൂ എന്ന് നിഷ്കർഷിച്ചു കൊണ്ടുള്ള നിർദ്ദേശം എല്ലാ യൂണിറ്റധികാരികൾക്കും നൽകിയിട്ടുണ്ട്. ലോക്കൽ പർച്ചേയ്സ് നടപടി ക്രമങ്ങൾ കോർപ്പറേഷന്റെ ആഡിറ്റ് വിഭാഗം കാലാകാലങ്ങളിൽ പരിശോധിക്കുന്നുണ്ട്.<br>വാഹനങ്ങൾക്ക് ആവശ്യമായ സ്പെയർ പാർട്സുകൾ, താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളുടെ വില താരതമ്യം ചെയ്ത് ഏറ്റവും വിലക്കുറവുള്ളവരിൽ നിന്നാണ് വാങ്ങുന്നത്. |

| | | | |
|---|---|---|---|
| | | | 1) വാഹന നിർമ്മാതാക്കൾ<br>2) വാഹന നിർമ്മാതാക്കൾക്ക് സ്പെയർ പാർട്സുകൾ നൽകുന്നവരും അതേ സമയം തന്നെ അസോസിയേഷൻ ഓഫ് സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് അണ്ടർ ടേക്കിംഗ്സുമായി (എ.എസ്.ആർ.ടി.യു) നിരക്കു കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ<br>3) വാഹന നിർമ്മാതാക്കൾക്ക് സ്പെയർ പാർട്സുകൾ നൽകുന്ന സ്ഥാപനങ്ങൾ (ഒറിജിനൽ എക്വിപ്പ്മെന്റ് നിർമ്മാതാക്കൾ)<br>4) ടയർ റീട്രെയിംഗ് സാധനങ്ങൾ ASRTU യുമായി നിരക്ക് കരാറിൽ ഏർപ്പെട്ടിട്ടുള്ള തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലുള്ള സ്ഥാപനങ്ങളിൽ നിന്നും Cost Per Kilometer (CPKM)-ന്റെ അടിസ്ഥാനത്തിൽ വാങ്ങുന്നു. മേൽപ്പറഞ്ഞ വിഭാഗം വിതരണക്കാരിൽ നിന്നും നേരിട്ട് ലഭ്യമല്ലാത്ത സാധനങ്ങൾ കേരള സ്റ്റോഴ്സ് പർച്ചേയ്സ് മാനുവൽ പ്രകാരം ദർഘാസുകൾ ക്ഷണിച്ചു വാങ്ങുന്നു. (ഉദാ. ടയർ ഉൾപ്പെടെയുള്ളവ) ഇപ്രകാരമുള്ള ദർഘാസ് വിവരങ്ങൾ വെബ് സൈറ്റിലൂടെയും പത്രങ്ങളിലൂടെയും പരസ്യപ്പെടുത്തി സുതാര്യമായിട്ടാണ് വാങ്ങുന്നത്.<br>5) ആകെ വില 25 ലക്ഷം രൂപയിൽ കൂടുതലുള്ള സാമഗ്രികൾ ഇ-പ്രൊക്യൂർമെന്റ് സിസ്റ്റം വഴി ഇ-ടെൻഡർ നടത്തിയാണ് വാങ്ങുന്നത്. ഘട്ടം ഘട്ടമായി 25 ലക്ഷത്തിൽ താഴെയുള്ള പർച്ചേയ്സും ഇ-ടെൻഡർ മുഖേന വാങ്ങുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ